# ഗവ.യു.പി. സ്കൂൾ മേച്ചാൽ




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# വിദ്യാലയത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | കോട്ടയം |
| വിദ്യാലയത്തിന്റെ പേര് | : | ഗവ. യു.പി. സ്കൂൾ മേച്ചാൽ |
| മേൽവിലാസം | : | മേച്ചാൽ പി.ഓ, മൂന്നിലവ് |
| പിൻകോഡ് | : | **686586** |
| സ്കൂൾ കോഡ് | : | **32250** |
| സ്കൂൾ  കോഡ് (നൂൺ മീൽ) | : | **32289** |
| യൂഡൈസ് കോഡ് | : | **32100200505** |
| വിദ്യാഭ്യാസ ഉപജില്ല | : | ഈരാറ്റുപേട്ട |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| ബി.ആർ.സി. | : | ഈരാറ്റുപേട്ട |
| സി.ആർ.സി | : | മൂന്നിലവ് |
| ഗ്രാമ പഞ്ചായത്ത് | : | മൂന്നിലവ് |
| ബ്ലോക്ക് പഞ്ചായത്ത് | : | ഈരാറ്റുപേട്ട |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാമണ്ഡലം | : | പാലാ |
| ലോകസഭാമണ്ഡലം | : | കോട്ടയം |
| താലൂക്ക് | : | മീനച്ചിൽ |
| വില്ലേജ് | : | മൂന്നിലവ് |
| ഇ -മെയിൽ | : | **mechalups@gmail.com** |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം - ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | *പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപിക |
| | *അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | വർഷാവസാനം വരെ | |
| | *പാഠഭാഗത്തു നിന്നുള്ള വാക്കുകൾ കേട്ടെഴുത്തിടുന്നു. | ആഴ്ച തോറും | |
| 2) അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | *വായനക്കാർഡ്, ലൈബ്രറി പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ആസ്വാദനക്കുറിപ്പ് എഴുതൽ, കഥാസംഗ്രഹം അവതരിപ്പിക്കൽ (അസംബ്ലി, സർഗ്ഗവേള സമയങ്ങളിൽ) | ജൂൺ - മാർച്ച് | മലയാളം അധ്യാപിക |
| | *ദിനാചരണങ്ങളോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപിക |
| 3) സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക. | * വിവിധ സാഹിത്യകാരൻമാരുടെ കൃതികൾ, ലഘു ജീവചരിത്രങ്ങൾ പരിചയപ്പെടുത്തുന്നതിലൂടെ അത് വായിക്കുവാനുള്ള താൽപര്യം വളർത്തുന്നു. | ജൂൺ - മാർച്ച് (ലൈബ്രറി പീരിയഡ്) | മലയാളം അധ്യാപിക |
| 4)ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | *ക്ലാസുകളിൽ കവിത, കഥ, നാടകം, തിരക്കഥ, സാഹിത്യകാരന്മാർ – ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള അവതരണം | ജൂൺ – മാർച്ച് | മലയാളം അധ്യാപിക |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക. | *പാഠഭാഗവുമായി ബന്ധപ്പെട്ട് ദൃശ്യാവിഷ്കാരം, സ്കിറ്റ്, നാടകം - അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ജൂൺ - മാർച്ച് | മലയാളം അധ്യാപിക |
| | *പതിപ്പുകൾ തയ്യാറാക്കുന്നു. | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : യു. പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുക | *ഇംഗ്ലീഷ് വായനക്കാർഡുകൾ -സ്കൂൾ അസംബ്ലിയിൽ വായന. | ജൂൺ, ജൂലൈ | ഇംഗ്ലീഷ് അധ്യാപിക, ഇംഗ്ലീഷ് ക്ലബ് |
| | *സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം - പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസ് റൂം പ്രവർത്തനം | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |
| | * വൊക്കാബുലറി എക്സർസൈസ് - വാക്കുകളുടെ സ്പെല്ലിംഗ്, ഉച്ചാരണം, അർത്ഥം, പ്രയോഗം ആവർത്തിച്ച് പറഞ്ഞും എഴുതിയും മത്സരം നടത്തി, പഠിക്കാൻ അവസരം നൽകുന്നു. | ദിവസേന- അധ്യയനവർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപിക, ഇംഗ്ലീഷ് ക്ലബ് |
| | * പരിചിത വസ്തുക്കളുടെ പേര്, ലഘുവിവരണം ഇംഗ്ലീഷിൽ | ആഗസ്റ്റ് | അധ്യാപിക |
| 2) ഭാവാത്മക വായന പരിശീലിക്കുക | *ഏകാഭിനയം - ഇംഗ്ലീഷിൽ നൽകുന്ന ആശയത്തിന് അനുസരിച്ച് | ഒക്ടോബർ | അധ്യാപിക, ഇംഗ്ലീഷ് ക്ലബ് |
| | *മിറർ റീഡിംഗ് - പാഠഭാഗത്തു നിന്നു തെരഞ്ഞെടുത്ത വാക്കുകൾ, ചാർട്ടിലെഴുതിയത് കണ്ണാടിയിലെ പ്രതിബിംബം നോക്കി വായിക്കണം. മുഴുവൻ വാക്കുകളും കണ്ടെത്തുന്നവർ ഏണിപ്പടവുകൾ കയറി, ഒളിഞ്ഞിരിക്കുന്ന സമ്മാനം കരസ്ഥമാക്കുന്നു | സെപ്റ്റംബർ | അധ്യാപിക |
| | *സ്കിറ്റ് അവതരണം | ഓരോ ടേമിലും | അധ്യാപിക, ഇംഗ്ലീഷ് ക്ലബ് |
| | *ന്യൂസ് റീഡിംഗ് | പ്രതിമാസം (ജൂൺ – മാർച്ച്) | |

GUPS MECHAL

| | | | |
|---|---|---|---|
| 3) തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുക. | *മിനി ഡിക്ഷണറി നിർമ്മാണം | ഫെബ്രുവരി | അധ്യാപിക |
| | *സൂചനാബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസ് - നിർമ്മാണവും പ്രദർശനവും | ദിനാചരണങ്ങളോടനുബന്ധിച്ച് | ഇംഗ്ലീഷ് ക്ലബ് |
| | *ചാർട്ടിൽ പ്രദർശിപ്പിച്ച വാക്കുകൾ ഒറ്റത്തവണ വായിച്ച് ഓർമ്മയിൽ നിന്നും പകർത്തി എഴുതുന്നു. ഏറ്റവും കൂടുതൽ വാക്കുകൾ ശരിയാക്കിയവർക്ക് സമ്മാനം | മാസം തോറും | അധ്യാപിക, ഇംഗ്ലീഷ് ക്ലബ് |
| 4)ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുവാൻ ആത്മവിശ്വാസം വളർത്തുക. | *പസ്സിൽ ടൈം - ഇംഗ്ലീഷ് കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ അവതരിപ്പിക്കുന്നു | ഇംഗ്ലീഷ് പീരിഡ്, ക്ലബ് മീറ്റിംഗ് | അധ്യാപിക, ക്ലബ് |
| | *ഇംഗ്ലീഷ് പ്രസംഗം, കവിതാലാപനം, റോൾ പ്ലേ | സർഗ്ഗവേള, ക്ലബ് മീറ്റിംഗ് | ക്ലബ് |
| | *എവരിഡേ ഇംഗ്ലീഷ് - ദൈനംദിന ക്ലാസ്റൂം ആശയവിനിമയം പരിചിതമായ ഇംഗ്ലീഷ് പ്രയോഗങ്ങളിലൂടെ നടത്തുന്നു | ജൂൺ – മാർച്ച് | അധ്യാപിക |
| | * ഈ-ക്യൂബ് ലാംഗേജ് ലാബ്, ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് കോൺവർസേഷൻ, ന്യൂസ്, സിനിമ മുതലായവ കാണുവാനും പരിശീലിക്കുവാനും അവസരം നൽകുന്നു | ജൂൺ - മാർച്ച് | ഇംഗ്ലീഷ് അധ്യാപിക |

GUPS MECHAL

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : യു. പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)5, 6, 7 ക്ലാസുകളിൽ കുട്ടികൾക്ക് അക്ഷരബോധം ഉറപ്പിക്കുക | *അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര കാർഡ്, അക്ഷര ചാർട്ട്, വാക്കുകൾ എഴുതിയ കാർഡുകൾ, അക്ഷരമാല ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, കളികൾ, പ്രദർശനം<br>*വാക്കുകൾ നിർമ്മിക്കൽ<br>*വാക്യങ്ങൾ നിർമ്മിക്കൽ | ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ | അധ്യാപിക |
| 2)എല്ലാ കുട്ടികളും തെറ്റ് കൂടാതെയും, ഒഴുക്കോടെയും ഹിന്ദി വായിക്കുക. | *നിരന്തരമായ പുസ്തകവായന<br>*വായിച്ചു കേൾപ്പിക്കൽ<br>*വായനക്കാർഡുകൾ, ഹിന്ദി ചിത്രകഥകൾ എന്നിവ ഉപയോഗിച്ച് വായന പരിശീലനം | സെപ്റ്റംബർ മുതൽ നവംബർ വരെ | അധ്യാപിക |
| 3) ആഴ്ചയുടെ പേരുകൾ, എണ്ണം എന്നിവ പരിചയപ്പെടുക, ഹിന്ദിയിൽ എഴുതുന്നതിനുള്ള പ്രാവീണ്യം നേടുക. പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി, അവരെ മറ്റു കുട്ടികൾക്ക് ഒപ്പമെത്തിക്കുക | *വർക്ക് ഷീറ്റുകൾ നൽകുന്നു. സചിത്രപുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു. കഥാപൂരണം, കവിതാ പൂരണം, സൂചനാബോർഡുകൾ എഴുതി പ്രദർശിപ്പിക്കൽ, വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി പോസ്റ്റർ രചന, ചെറുകവിതകൾ, സംഭാഷണങ്ങൾ, കഥകൾ എന്നിവയുടെ രചനയും അവതരണവും. | ഡിസംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപിക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : യു. പി. ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)അടിസ്ഥാന ഗണിതക്രിയുകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | *കളിരീതിയിലൂടെ അടിസ്ഥാന ഗണിത ക്രിയുകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br>*ഗുണനപ്പട്ടിക ഓരോന്നു വീതം എല്ലാ ദിവസവും ചൊല്ലിക്കുന്നു.<br>*ഡൈസുകൾ, നമ്പർ കാർഡുകൾ, അബാക്കസ് മുതലായവ ഉപയോഗിച്ചുകൊണ്ട് കോടി വരെയുള്ള സംഖ്യകൾ പറയുവാനും അക്ഷരത്തിലും അക്കത്തിലും എഴുതുവാനുമുള്ള പരിശീലനം നൽകുന്നു. | ജൂൺ, ജൂലൈ | ഗണിതശാസ്ത്ര അധ്യാപിക |
| 2)വ്യത്യസ്ത ജ്യാമതീയ രൂപങ്ങൾ, അവയുടെ സവിശേഷതകൾ മനസിലാക്കുന്നു. | *ജ്യാമതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള മാതൃകകൾ നിർമ്മിക്കുകയും വരയ്ക്കുകയും അവയുടെ പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യുന്നു | ആവശ്യാനുസരണം | ഗണിതശാസ്ത്ര അധ്യാപിക |
| 3)ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | *ഗണിതലാബ് സജ്ജീകരണം, ലാബ് സാധ്യതകൾ പ്രയോജനപ്പെടുത്തി പഠനപ്രവർത്തനങ്ങൾ ആകർഷകമാക്കൽ.<br>*ഗണിതോത്സവം നടത്തുന്നു. | ജൂൺ, ജൂലൈ (സജ്ജീകരണം)<br>ആവശ്യാനുസരണം പഠനപ്രവർത്തനങ്ങൾ<br>ഫെബ്രുവരി മാസം | ഗണിതശാസ്ത്ര അധ്യാപിക |
| 4) ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | *ജ്യാമതീയ രൂപങ്ങൾ, കോണുകൾ, തുടങ്ങിയ ആശയങ്ങൾ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തി അവതരിപ്പിക്കുന്നു | പഠനപ്രവർത്തനങ്ങൾക്കനുസരിച്ച്, ആവശ്യാനുസരണം | ഗണിതശാസ്ത്ര അധ്യാപിക |
| 5) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | *പഠനപിന്തുണാ പ്രവർത്തനങ്ങൾ – അധ്യാപികയുടെ മേൽനോട്ടത്തിൽ സമർത്ഥരായ കുട്ടികളുടെ സേവനം പ്രയോജനപ്പെടുത്തി നൽകുന്നു | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിതശാസ്ത്ര അധ്യാപിക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## മേഖല : യു. പി. അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1)ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി -**<br>ജൈവവൈവിധ്യപാർക്ക്, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ഔഷധത്തോട്ടം എന്നിവയുടെ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, പുഴയെ അറിയാൻ -പഠനയാത്ര | ആഗസ്റ്റ് | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, |
| | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം ആസ്വദിക്കുന്നു. പരീക്ഷണകിറ്റ് നിർമ്മിക്കുന്നു. ശാസ്ത്രപരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, |
| 2)ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക | ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ് |
| | **സയസ് എക്സ്പോ**<br>ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. പ്രദർശനം രക്ഷിതാക്കളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി മാസം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, |

| | | | |
|---|---|---|---|
| 3)ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | **ശാസ്ത്രവിസ്മയ പൂമർ**<br>ക്ലാസ് മുറികളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ചാർട്ട് അവതരിപ്പിക്കുന്നു.<br><br>**ശാസ്ത്ര ശിൽപശാല**<br>ശിൽപശാലകളിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നു<br><br>**വിസ്മയയാത്ര**<br>ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ കണ്ടെത്തലുകൾ, ശാസ്ത്രചരിത്രം ഇവയുടെ പ്രദർശനം | അനുയോജ്യമായ സന്ദർഭങ്ങളിൽ<br><br>അക്കാദമികവർഷം<br><br>അക്കാദമികവർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്,<br><br>ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്,<br><br>ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണതാൽപര്യം വർദ്ധിപ്പിക്കുന്നു. | **ശാസ്ത്രോത്സവം, ഇൻസ്പയർ അവാർഡ്, യംഗ് ഇന്നവേറ്റേഴ്സ്, തുടങ്ങിയ വേദികളിൽ നൂതനാശയങ്ങളും മാതൃകകളും അവതരിപ്പിച്ച് കഴിവു തെളിയിക്കാൻ അവസരം നൽകുന്നു** | അക്കാദമികവർഷം | ശാസ്ത്രാധ്യാപിക, സയൻസ് ക്ലബ്, |

| അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 |
| --- |
| **മേഖല : യു. പി. സാമൂഹ്യശാസ്ത്രം** |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| 1)സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല ആശയങ്ങൾ, അറിവുകൾ ഇവ പരിശോധിക്കൽ, ഉറപ്പിക്കൽ | **പ്രഹേളികകൾ -** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാനതല അറിവുകൾ (സൗരയൂഥം, ഭൂമി, വൻകരകൾ, രാജ്യം, സംസ്ഥാനങ്ങൾ,ജില്ലകൾ,തലസ്ഥാനങ്ങൾ, നദികൾ, ഭൂപ്രകൃതി, ഋതുക്കൾ, കാലാവസ്ഥ, ചരിത്രനായകൻമാർ തുടങ്ങിയ വിവരങ്ങൾ) പരിശോധിക്കുന്നതിനും പരിശീലിക്കുന്നതിനും ഉതകുന്ന പ്രഹേളികകൾ, പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു. (സ്ലൈഡ് ഷോ,ഗൂഗിൾ ഫോം തുടങ്ങിയ ഐസിറ്റി സാധ്യതകൾ ഉപയോഗിക്കാം) | അക്കാദമിക വർഷാരംഭം (ജൂൺ മാസവും തുടർന്നും) | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ് |
| 2)പഠിതാക്കളിൽ ചരിത്രാവബോധം വളർത്തുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്** ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനങ്ങൾ | അനുയോജ്യമായ പഠനപ്രവർത്തനങ്ങളുടെയും ദിനാചരണങ്ങളുടെയും ഭാഗമായി. | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ് |
| 3)ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **ഗ്രാമസഭാ സന്ദർശനം** ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിത്യരീതികൾ മനസിലാകുകുന്നു. | ഗ്രാമസഭ കൂടുമ്പോൾ | പി.ടി.എ |
| | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്, മോക് പാർലമെന്റ് ഇവ സംഘടിപ്പിക്കുന്നു. | ജൂലൈ/ ആഗസ്റ്റ് മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | |
|---|---|---|---|
| 4)പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസിലാക്കാനും, രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും പഠിതാക്കളെ ബോധവാൻമാരാക്കുന്നു.<br><br>5) സഹജീവികളോട് സഹാനുഭൂതിയും സമഭാവാനയും വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.<br><br>6)ലഹരി ഉപയോഗം, റോഡ് സുരക്ഷ, വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളെ ബോധവാൻമാരാക്കുന്നു.<br><br>7)സാമൂഹ്യശാസ്ത്രപഠനത്തലൂടെ പഠിതാക്കളുടെ കരിയർ സാധ്യതകൾ വികസിപ്പിക്കുന്നു<br><br>8)സാമൂഹ്യശാസ്ത്ര ക്ലബിന്റെ വേദികളിലൂടെ കുട്ടികളിൽ വ്യക്തിത്വ വികസനം, സാമൂഹ്യബോധം, നേതൃപാടവം തുടങ്ങിയ ഗുണങ്ങൾ | **വീഡിയോ പ്രദർശനം** (പ്രളയം, ഉരൾപ്പൊട്ടൽ, ഭൂകമ്പം , തീപിടുത്തം etc.)<br>**മോക് ഡ്രിൽ** (രക്ഷാപ്രവർത്തനം)<br><br>**സന്നദ്ധസേവനം**<br>ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് കുട്ടികളാൽ കഴിയുന്ന സേവനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു.<br><br>**ജാഗ്രതാസദസ്സുകൾ**<br>സ്കൂൾ ജാഗ്രതാ സമിതിയുടെയും സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br><br>**കരിയർ ട്രെയിനിംഗ്**<br>പി.എസ്.സി, സിവിൽ സർവീസ് പരീക്ഷകൾക്ക് പഠിതാക്കളെ പ്രാപ്തരാക്കുവാൻ ആവശ്യമായ പരിശീലനം സാമൂഹ്യശാസ്ത്ര പഠനത്തിന്റെ ഭാഗമായി നൽകുന്നു.<br><br>**സംവാദവേദി**<br>സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തൽ കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ ചർച്ചകൾ, സെമിനാറുകൾ, ഡിബേറ്റുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂലൈ/ ആഗസ്റ്റ് മാസങ്ങളിൽ<br><br>അനുയോജ്യമായ സന്ദർഭങ്ങളിൽ<br><br>അക്കാദമികവർഷം<br><br>അക്കാദമികവർഷം<br><br>അക്കാദമികവർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ്<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ്<br><br>സ്കൂൾ ജാഗ്രതാസമിതി<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര ക്ലബ് |